**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയം ഭരണ വകുപ്പ് - WP (C) നം. 22440/13 (D) ലെ വിധിന്യായം - ശ്രീ. കേഫാ ഐസക്ക് സർക്കാരിൽ സമർപ്പിച്ച അപ്പീൽ പെറ്റീഷൻ തീർപ്പാക്കി ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശ സ്വയംഭരണ (ഡിബി) വകുപ്പ്**

**സ.ഉ(സാധാ)നം. 616/14/തസ്വഭവ തിരുവനന്തപുരം, തീയതി : 01/03/2014.**

പരാമർശം -1. ശ്രീ. കേഫാ ഐസക്ക് കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിക്ക് സമർപ്പിച്ച 05/05/2012 ലെ അപേക്ഷ.

2. W.P.(c) 23040/12 മേൽ ബഹു. കേരള ഹൈക്കോടതിയുടെ 11.07.2013 ലെ വിധിന്യായം.
3. ആലപ്പുഴ ജില്ലാ കളക്ടറുടെ 19/08/13 – ലെ K.Dis/51777/12/N7 നടപടി ക്രമം.
4. ശ്രീ.കേഫാ ഐസക്ക് 30/08/2013 – ൽ സർക്കാരിന് സമർപ്പിച്ച അപ്പീൽ.
5. W.P.(c) 22440/13 – ലെ 09/09/2013 ലെ വിധിന്യായം.

**<u>ഉത്തരവ്</u>**

ശ്രീ. കേഫാ ഐസക്ക് അദ്ധ്യക്ഷനായുള്ള ഹോൺ ഓഫ് സാൽവേഷൻ സഭയുടെ സെമിത്തേരി നിർമ്മാണ അപേക്ഷ പരാമർശം (3) പ്രകാരം ആലപ്പുഴ ജില്ലാ കളക്ടർ നിരസിച്ചതിനെ തുടർന്ന് പരാമർശം (4) പ്രകാരം ടിയാൻ സർക്കാരിൽ അപ്പീൽ പെറ്റീഷൻ സമർപ്പിക്കുകയുണ്ടായി. തുടർന്ന് ബഹു.കേരള ഹൈക്കോടതിയിൽ WP(c) No.22440/13 നമ്പർ അന്യായവും ഫയൽ ചെയ്തിരുന്നു. ആയതിൽ ബഹു. ഹൈക്കോടതിയുടെ പരാമർശം (5) പ്രകാരമുള്ള വിധിന്യായാടിസ്ഥാനത്തിൽ **16.1.14 - ന്** ഹർജിക്കാരനെ നേരിൽ കേൾക്കുകയുണ്ടായി. ഹിയറിംഗിൽ പരാതിക്കാരനും ഹോൺ ഓഫ് സാൽവേഷൻ സഭയുടെ അദ്ധ്യക്ഷനുമായ ശ്രീ.കേഫാ ഐസക്, ഹോൺ ഓഫ് സാൽവേഷൻ സഭയുടെ പ്രതിനിധി ശ്രീ.ജോൺ ജേക്കബ്, കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.എസ്. കൃഷ്ണകുമാർ എന്നിവർ ഹാജരായി.

2. അപ്പീലിനാധാരമായ വസ്തുതകൾ ഇപ്രകാരമായിരുന്നു. 2010 -ൽ ഒരു ട്രസ്റ്റായി രജിസ്റ്റർ ചെയ്ത 'ഹോൺ ഓഫ് സാൽവേഷൻ' പള്ളിക്കുവേണ്ടി കേഫാ ഐസക് വാങ്ങിയ 20 സെൻറ് വസ്തുവിനോട് ചേർന്ന് മാർത്തോമ, ഐ.പി.സി, എ.ജി. എന്നീ സഭകളുടെ 3 സെമിത്തേരികൾ നിലവിലുണ്ടായിരുന്നു. കേഫാ ഐസക് സെമിത്തേരിയുടെ നിർമ്മാണം ആരംഭിച്ചതിനോടൊപ്പം പരാമർശം (1) പ്രകാരം കൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കുകയും ചെയ്തിരുന്നു. കാപ്പിൽ stewards അസോസിയേഷൻ ഓഫ് ഇൻഡ്യ, Bethel Faith Ministries International, Horn of Salvation church എന്നീ 3 സഭകൾ സംയുക്തമായി ഒരു സെമിത്തേരി നിർമ്മിക്കുന്നതിന് പഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കുകയും, ആലപ്പുഴ ജില്ലാ മെഡിക്കൽ

ആഫീസ(ആരോഗ്യം) റുടെ **5.12.12** ലെ അന്വേഷണ റിപ്പോർട്ടിൻ പ്രകാരം 3 സഭകൾ സംയുക്തമായി സെമിത്തേരി നിർമ്മിക്കുന്നത് സാങ്കേതികമായി ബുദ്ധിമുട്ടാണെന്നും, ടി സ്ഥലത്ത് കോൺക്രീറ്റ് വാൾട്ട് നിർമ്മിക്കുന്നതാണ് ഉത്തമം എന്ന് വിലയിരുത്തുകയുമുണ്ടായി.പ്രസ്തുത റിപ്പോർട്ടിൻ പ്രകാരം മറ്റ് 2 സഭകളും സെമിത്തേരി നിർമ്മാണത്തിൽ നിന്ന് പിൻമാറുകയും, ഹോൺ ഓഫ് സാൽവേഷൻ ചർച്ച് മാത്രം സെമിത്തേരി നിർമ്മാണത്തിനായി പഞ്ചായത്തിൽ അപേക്ഷ സമർപ്പിക്കുകയും, പഞ്ചായത്ത് പരിശോധനയ്ക്കും, കമ്മിറ്റി തീരുമാനത്തിന്റേയും അടിസ്ഥാനത്തിൽ **31.1.13** – ലെ സാധാരണ യോഗത്തിൽ എടുത്ത 11-ാം നമ്പർ തീരുമാനമായി കെട്ടിട നിർമ്മാണ ചട്ടങ്ങൾ പൂർണ്ണമായി പാലിക്കേണ്ടതാണെന്ന നിർദ്ദേശത്തോടു കൂടി ലൈസൻസ് നൽകുന്നതിന് പഞ്ചായത്തിന് സമ്മതമാണെന്ന് രേഖപ്പെടുത്തി ജില്ലാ മെഡിക്കൽ ഓഫീസർ മുഖേന കേഫാ ഐസക്കിന്റെ പരാമർശം ഒന്നിലെ അപേക്ഷ ആലപ്പുഴ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിരുന്നു.

3. **4.2.13**– ലെ കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ ശുപാർശ കത്തിൻ പ്രകാരം ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥൻ സ്ഥലം സന്ദർശിക്കുകയും താഴെ പറയും പ്രകാരം ഒരു റിപ്പോർട്ട് ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) 28.03.2013 – ൽ നൽകിയിരുന്നു.

(1)സെമിത്തേരി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന് 25 മീറ്റർ ചുറ്റളവിനുള്ളിൽ ആൾപ്പാർപ്പുള്ള വീടുകൾ ഇല്ല.
(2)പ്രസ്തുത സ്ഥലത്തിന് തൊട്ടടുത്ത് മറ്റ് രണ്ട് പൊതുശ്മശാനങ്ങൾ ഉണ്ട്.
(3)പൊതുജനാരോഗ്യം കണക്കിലെടുക്കുമ്പോൾ കോൺക്രീറ്റ് വാൾട്ട് നിർമ്മിക്കുന്നതിന് പ്രസ്തുത സ്ഥലം യോഗ്യമാണ്.
(4)നിയമാനുസൃത നടപടികളുടെ ഭാഗമായി നിബന്ധനകൾക്ക് വിധേയമായി NOC നൽകാവുന്നതാണ്

4. ആലപ്പുഴ ജില്ലാ കളക്ടറുടെ ഭാഗത്തു നിന്നും മറ്റ് നടപടികളൊന്നുംഉണ്ടാകാത്ത സാഹചര്യത്തിൽ ശ്രീ.കേഫാ ഐസക്ക് ബഹു. ഹൈക്കോടതിയിൽ **WP(C)23040/12** ആയി കേസ് ഫയൽ ചെയ്യുകയും, പരാമർശം രണ്ടിലെ വിധിന്യായ പ്രകാരം ബഹു. ഹൈക്കോടതി ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകുകയും തുടർന്ന് പരാമർശം 3 – ലെ നടപടി ക്രമത്തിലൂടെ ഹോൺ ഓഫ് സാൽവേഷൻ ചർച്ചിന്" സെമിത്തേരി നിർമ്മിക്കുന്നതിന് ആലപ്പുഴ ജില്ലാ കളക്ടർ ലൈസൻസ് നിഷേധിക്കുകയുമുണ്ടായി.ഈ സാഹചര്യത്തിലാണ് പരാമർശം 4 പ്രകാരം ശ്രീ.കേഫാ ഐസക്ക് സർക്കാരിൽ അപ്പീൽ സമർപ്പിച്ചത്.

5. ഹർജിക്കാരനായ കേഫാ ഐസക്കിന്റെ ആവശ്യം അംഗീകരിക്കുന്നതിലേക്ക് ഹിയറിംഗിൽ താഴെപ്പറയുന്ന ചില സംഗതികൾ വെളിപ്പെടുത്തുകയുണ്ടായി.

(എ) കൃഷ്ണപുരം ഗ്രാമപഞ്ചായത്തിൽ ഒരു Mobile Tower സ്ഥാപിക്കുവാൻ തീരുമാനം എടുത്ത സമയം പഞ്ചായത്തിലെ ഭൂരിഭാഗം ആളുകളും എതിർത്തെങ്കിലും ആ എതിർപ്പിനെയെല്ലാം അവഗണിച്ചുകൊണ്ട് ഗ്രാമപഞ്ചായത്ത് കമ്മിറ്റി സ്വന്തമായ തീരുമാനം കൈക്കൊള്ളുകയും Mobile Tower സ്ഥാപിക്കുകയും ചെയ്തു.

(ബി) പഞ്ചായത്തിന് സ്വന്തമായി സ്ഥലമോ കെട്ടിടമോ ഇല്ലാതിരുന്നപ്പോൾ കേഫാ ഐസക് തന്റെ സ്വന്തം താല്പര്യത്താൽ തുച്ഛമായ വിലയ്ക്ക് സ്ഥലം പഞ്ചായത്തിന് വേണ്ടി നൽകുകയും ടി. ഗ്രാമപഞ്ചായത്തിന് ഒരു PHC ലഭിക്കുകയും ചെയ്തു.

(സി) EMS ഭവന പദ്ധതി പ്രകാരം നിർമ്മിച്ച വീടുകൾക്ക് വഴിയില്ലാത്ത സാഹചര്യത്തിൽ കേഫാ ഐസക്കിന്റെ വസ്തുവിൽ കൂടി 3 അടി വീതിയിൽ വഴി നൽകുവാൻ ഗ്രാമപഞ്ചായത്ത് ആവശ്യപ്പെട്ടുവെങ്കിലും ടിയാൻ 1 മീറ്റർ വഴി തന്റെ വസ്തുവിന്റെ മദ്ധ്യ ഭാഗത്തു കൂടി വിട്ടു കൊടുത്തു.

6. മേൽപറഞ്ഞകാര്യങ്ങളെല്ലാം സത്യവും,ശരിയുമാണെന്ന് കൃഷ്ണപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഹിയറിംഗ് സമയം സമ്മതിക്കുകയുണ്ടായി. പഞ്ചായത്തിന് ഒരു പൊതു ശ്മശാനം ഉണ്ടായിരുന്നുവെങ്കിൽ ശ്രീ. കേഫാ ഐസക് തന്റെ ഉദ്യമത്തിൽ നിന്നും പിൻമാറാൻ തയ്യാറാണെന്ന് സമ്മതിച്ചിട്ടുണ്ട്. താൻ നിർമ്മിക്കുന്ന ശ്മശാനം ട്രസ്റ്റിന്റെ പേരിൽ കരാർ ചെയ്ത് പഞ്ചായത്തിന് നൽകാനും തയ്യാറാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

7. "Horn of Salvation" എന്ന തന്റെ സഭയിലെ സഭാ വിശ്വാസികൾ മരണപ്പെടുമ്പോൾ മാന്യമായി അവരെ അടക്കം ചെയ്യുന്നതിന് മറ്റ് സ്ഥലമോ,സാഹചര്യമോ ഇല്ലാത്ത അവസ്ഥയിലാണ് സഭയ്ക്ക് സ്വന്തമായി ഒരു സെമിത്തേരി എന്ന് ചിന്തിക്കുകയും പ്രവർത്തിക്കുകയും ചെയ്തത് എന്ന് സഭയുടെ അദ്ധ്യക്ഷനായ കേഫാ ഐസക്ക് അറിയിച്ചിട്ടുണ്ട്.

8. സർക്കാർ ഈ വിഷയം വിശദമായി പരിശോധിക്കുകയും, താഴെ രേഖപ്പെടുത്തുന്ന വിവരങ്ങൾ മനസ്സിലാക്കുകയും ചെയ്തു.

1. കൃഷ്ണപുരം ഗ്രാമപഞ്ചായത്തിന് ഒരു പൊതുശ്മശാനം നിലവിലില്ല. അതിനായി സ്ഥലം കണ്ടെത്താൻ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.പ്രസ്തുത ആവശ്യത്തിലേക്കായി പഞ്ചായത്തിൽ സ്ഥലമില്ലെന്ന് പഞ്ചായത്ത് സെക്രട്ടറി റിപ്പോർട്ട് ചെയ്തിട്ടുണ്ട്.

2. അപേക്ഷകൻ നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന ശ്മശാന ഭൂമിയോട് ചേർന്ന് മറ്റ് 3 സഭകളുടെ തുറന്ന സെമിത്തേരി വർഷങ്ങളായി ഉപയോഗിച്ചു വരുന്നുണ്ട്. ആയതിനാൽ ആരോഗ്യപ്രശ്നങ്ങൾ ഉന്നയിക്കുന്നതിനോട് യോജിക്കാൻ സാദ്ധ്യമല്ല.
3. concrete vault തുറന്ന സെമിത്തേരിയേക്കാൾ സുരക്ഷിതമാണ്. നിയമാനുസൃത നടപടികൾ പാലിച്ച് concrete vault നിർമ്മിക്കുന്നതിന് തടസ്സമൊന്നുമില്ലെന്ന് ആലപ്പുഴ ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം) റിപ്പോർട്ട് ചെയ്തിട്ടുമുണ്ട്.
4. അപേക്ഷകൻ ശ്മശാനം നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന സ്ഥലത്തിന് 25 മീറ്റർ ചുറ്റളവിൽ ജനവാസഗൃഹങ്ങൾ ഇല്ലാത്തതാകുന്നു. 1998 – ലെ കേരള പഞ്ചായത്ത് രാജ് (ശവം മറവു ചെയ്യാനും ദഹിപ്പിക്കാനുമുള്ള സ്ഥലങ്ങൾ) ചട്ടം 5 പ്രകാരം കോൺക്രീറ്റ് കല്ലറകളുടെയും വൈദ്യുത ക്രിമറ്റോറിയങ്ങളുടെയും സംഗതിയിൽ ജനവാസഗൃഹങ്ങളിൽ നിന്നുള്ള അകലം ഏറ്റവും കുറഞ്ഞത് 25 മീറ്റർ മതിയാകുന്നതാണ്.
5. .പരാതിക്കാരായി പേരു ചേർക്കപ്പെട്ടിരിക്കുന്നവരെല്ലാം തന്നെ പ്രസ്തുത സ്ഥലത്തിനും ഏറെ ദൂരെ താമസിക്കുന്നവരാണ്.

6. ഓരോ പഞ്ചായത്തിനും പൊതു ശ്മശാനം ഇല്ലാത്തതിന്റെ പേരിൽ ജനങ്ങൾ ശവം മറവു ചെയ്യാൻ സാധിക്കാതെ സ്വന്തം വീടിന്റെ അടുക്കളയിൽ സ്ഥലം കണ്ടെത്തിയ വാർത്തയിൻ പ്രകാരം കോടതി സ്വമേധയാ കേസ് രജിസ്റ്റർ ചെയ്ത സംഭവങ്ങൾ വരെ നിലനിൽക്കുന്ന സാഹചര്യത്തിൽ ശ്രീ. കേഫാ ഐസക്കിന്റെ ആവശ്യം ന്യായമാണെന്ന് കാണുന്നു.

9. ഈ സാഹചര്യത്തിൽ പരാമർശം 3 ലെ ആലപ്പുഴ ജില്ലാ കളക്ടറുടെ ലൈസൻസ് നിഷേധിച്ചുകൊണ്ടുള്ള നടപടി ക്രമം അതേപടി അംഗീകരിക്കാൻ പറ്റുന്നതല്ല എന്നു കാണുന്നു.

10. മേൽ വിവരിച്ച വസ്തുതകളുടെ വെളിച്ചത്തിലും കൃഷ്ണപുരം പഞ്ചായത്തിന് പൊതുവായ ശ്മശാനം നിലവിലില്ലാത്ത സാഹചര്യത്തിലും ശ്രീ.കേഫാ ഐസക്ക് അദ്ധ്യക്ഷനായുള്ള "ഹോൺ ഓഫ് സാൽവേഷൻ" ട്രസ്റ്റിന് ഒരു സെമിത്തേരി **(concrete vault)** ആലപ്പുഴ ജില്ലാ മെഡിക്കലാഫീസറുടെ (ആരോഗ്യം) റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ള നിബന്ധനകൾക്ക് വിധേയമായി നിർമ്മിക്കുന്നതിന് അനുമതി നൽകി ഇതിനാൽ ഉത്തരവ് പുറപ്പെടുവിക്കുന്നു.

11. സൂചന 5 ലെ ബഹു. ഹൈക്കോടതിയുടെ വിധിന്യായം ഇപ്രകാരം തീർപ്പാക്കുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

**ജെസ്സി ജോർജ്ജ്**
ഗവ. അണ്ടർ സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, എറണാകുളം (ഉപരിപത്രം മുഖേന)
ജില്ലാ കളക്ടർ, ആലപ്പുഴ.
സെക്രട്ടറി, കൃഷ്ണപുരം ഗ്രാമപഞ്ചായത്ത്, ആലപ്പുഴ.
ശ്രീ.കേഫാ ഐസക്ക്, ഹോൺ ഓഫ് സാൽവേഷൻ.,
ചന്ദനക്കാട്ടിൽ, കാപ്പിൽ ഈസ്റ്റ്, കൃഷ്ണപുരം വില്ലേജ്, ആലപ്പുഴ.
എക്സിക്യൂട്ടീവ് ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം ( തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്.)
കരുതൽ ഫയൽ/ ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ